# 2026-ലെ കേരള നേറ്റിവിറ്റി കാർഡ് ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും

2026 ഫെബ്രുവരി 24 -ാം തീയതി സമർപ്പിച്ചത്

©

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2026

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

# 2026-ലെ കേരള നേറ്റിവിറ്റി കാർഡ് ബിൽ
# സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടും
# സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും

255/2026.

# ഉള്ളടക്കം

| | | | |
|---|---|---|---|
| | | | പേജ് |
| 1. | സമിതിയുടെ ഘടന | .. | v |
| 2. | റിപ്പോർട്ട് | .. | 1 |
| 3. | അനുബന്ധം : | | |
| | സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബിൽ | .. | 3 |

# സബ്ജക്ട് കമ്മിറ്റി II

# ഭൂനികുതിയും ദേവസ്വവും (2023-2026)

**ഘടന**

ചെയർപേഴ്സൺ:

ശ്രീ. കെ. രാജൻ,
ബഹു. റവന്യൂ - ഭവനനിർമ്മാണ വകുപ്പുമന്ത്രി.

എക്സ്-ഒഫീഷ്യോ അംഗം:

ശ്രീ. വി. എൻ. വാസവൻ,
ബഹു. തുറമുഖ – സഹകരണ – ദേവസ്വം വകുപ്പ് മന്ത്രി.

അംഗങ്ങൾ:

ശ്രീ. അഹമ്മദ് ദേവർകോവിൽ

ഡോ. എൻ. ജയരാജ്

ശ്രീ. എൻ. എ. നെല്ലിക്കുന്ന്

ശ്രീ. കെ. ഡി. പ്രസേനൻ

ശ്രീ. പി. ടി. എ. റഹീം

ശ്രീ. എം. രാജഗോപാലൻ

ശ്രീ. സനീഷ്കുമാർ ജോസഫ്

ശ്രീ. പി. വി. ശ്രീനിജിൻ

നിയമസഭാ സെക്രട്ടേറിയറ്റ്:

ശ്രീ. ഷാജി സി. ബേബി, സെക്രട്ടറി - ഇൻ - ചാർജ്

ശ്രീമതി ഷീബാ വർഗീസ്, ജോയിന്റ് സെക്രട്ടറി

ശ്രീമതി സിന്ധു റ്റി. ജി., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. മോഹനൻ ഒ., അണ്ടർ സെക്രട്ടറി.

# 2026-ലെ കേരള നേറ്റിവിറ്റി കാർഡ് ബിൽ

(സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്)

ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II-ന്റെ പരിഗണനയ്ക്കായി അയച്ച 2026-ലെ കേരള നേറ്റിവിറ്റി കാർഡ് ബിൽ (ബിൽ നമ്പർ 299), കമ്മിറ്റി പരിഗണിച്ചതനുസരിച്ചുള്ള സബ്ജക്ട് കമ്മിറ്റിയുടെ റിപ്പോർട്ടും അതിനോടനുബന്ധമായി ചേർത്തിട്ടുള്ള സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും സമർപ്പിക്കുന്നു.

2. 2026-ലെ കേരള നേറ്റിവിറ്റി കാർഡ് ബിൽ 2026 ഫെബ്രുവരി 19-ാം തീയതി ഒരു അസാധാരണ ഗസറ്റായി പ്രസിദ്ധീകരിച്ചു. ഈ ബിൽ 2026 ഫെബ്രുവരി 23-ാം തീയതി സഭയിൽ അവതരിപ്പിക്കുകയും അന്നേദിവസം തന്നെ സഭ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുകയും ചെയ്തു.

3. 2026 ഫെബ്രുവരി 23-ാം തീയതി സഭാസമ്മേളനത്തിനുശേഷം സമിതി യോഗം ചേർന്ന് പ്രസ്തുത ബിൽ ഖണ്ഡം ഖണ്ഡമായി പരിഗണിക്കുകയും താഴെപ്പറയുന്ന ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു.

<u>ഖണ്ഡം 1</u>

1) ബില്ലിന്റെ ഖണ്ഡം 1 (2)- ലെ "തീയതി മുതൽ" എന്ന വാക്കുകൾക്ക് പകരം "തീയതിയിൽ" എന്ന വാക്ക് ചേർക്കുക.

<u>ഖണ്ഡം 2</u>

2) ഖണ്ഡം 2 (സി) യിൽ -

(i) "പൂർവ്വികരിൽ ഒരാൾ" എന്നതിന് പകരം "മാതാപിതാക്കളോ പൂർവ്വികരിൽ ഒരാളോ", എന്ന വാക്കുകൾ ചേർക്കുക.

(ii) വിശദീകരണം 3-ന് ശേഷം താഴെപ്പറയുന്ന കുറിപ്പ് ചേർക്കുക, അതായത്:—

<u>കുറിപ്പ്</u>:— ഈ ആക്റ്റിന്റെ ആവശ്യത്തിലേയ്ക്കായി, "പൂർവ്വികർ" എന്നാൽ നേറ്റിവിറ്റി കാർഡിന് അപേക്ഷിക്കുന്ന ആളിന്റെ മാതാപിതാക്കളുടെ മാതാപിതാക്കൾ എന്ന് അർത്ഥമാകുന്നു.

<u>ഖണ്ഡം 3</u>

ഖണ്ഡം 3-ന്റെ മാർജിനൽ ശീർഷകത്തിലെ "കാർഡുകൾ" എന്ന വാക്കിന് പകരം "കാർഡ്" എന്ന വാക്ക് ചേർക്കുക.

ഖണ്ഡം 6

ഖണ്ഡം 6 -ന്റെ മാർജിനൽ ശീർഷകത്തിലെ "കാർഡുകളിലെ" എന്ന വാക്കിന് പകരം "കാർഡിലെ" എന്ന വാക്ക് ചേർക്കുക.

ഖണ്ഡം 8

ഖണ്ഡം 8 -ലെ ഉപഖണ്ഡം (2)- ന്റെ ഇനം (എ) -ൽ "മാതാപിതാക്കളുടെ" എന്ന വാക്കിനു പകരം "മാതാപിതാക്കളുടെ/പൂർവ്വികരുടെ" എന്ന വാക്കുകളും ചിഹ്നവും ചേർക്കുക.

ഖണ്ഡം 10

ഖണ്ഡം 10-ൽ "ജില്ലാ" എന്ന വാക്ക് ഒഴിവാക്കുക.

4. മറ്റ് ഭേദഗതികൾ ആനുഷംഗികമോ ഘടനാപരമോ ആണ്.

തിരുവനന്തപുരം,
2026 ഫെബ്രുവരി 24.

**കെ. രാജൻ,**
*ചെയർപേഴ്സൺ,*
*സബ്ജക്ട് കമ്മിറ്റി II.*

അനുബന്ധം

# 2026-ലെ കേരള നേറ്റിവിറ്റി കാർഡ് ബിൽ

(സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ളത്)

[അടിയിൽ വരച്ചിരിക്കുന്നതും വശത്ത് വരച്ചിരിക്കുന്നതും സബ്ജക്ട് കമ്മിറ്റി നിർദ്ദേശിച്ച ഭേദഗതികളെയും നക്ഷത്രചിഹ്നം ഒഴിവാക്കിയതിനെയും സൂചിപ്പിക്കുന്നു.]

ഒരാൾ കേരളീയനാണ് എന്ന് സാക്ഷ്യപ്പെടുത്തുന്നതിന് കേരള സർക്കാർ നിലവിൽ നൽകിവരുന്ന നേറ്റിവിറ്റി സർട്ടിഫിക്കറ്റിന്റെ മാതൃക ഉൾക്കൊണ്ടുകൊണ്ട് ഓരോ ആൾക്കും നേറ്റിവിറ്റി കാർഡ് നൽകുന്നതിനും, അത് കേരള സർക്കാർ നൽകുന്ന വിവിധ സേവനങ്ങൾക്കും സാമൂഹ്യ ആവശ്യങ്ങൾക്കും ഉപയോഗപ്പെടത്തക്കവിധമുള്ള ആധികാരിക രേഖയായി അംഗീകരിക്കുന്നതിന് അനുവദിച്ചുകൊണ്ടും അതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമായതോ ആയ കാര്യങ്ങൾക്കുവേണ്ടി വ്യവസ്ഥ ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.— ഒരാൾ കേരളീയനാണ് എന്ന് സാക്ഷ്യപ്പെടുത്തുന്നതിന് കേരള സർക്കാർ നിലവിൽ നൽകിവരുന്ന നേറ്റിവിറ്റി സർട്ടിഫിക്കറ്റിന്റെ മാതൃക ഉൾക്കൊണ്ടുകൊണ്ട് ഓരോ ആൾക്കും നേറ്റിവിറ്റി കാർഡ് നൽകുന്നതിനും, അത് കേരള സർക്കാർ നൽകുന്ന വിവിധ സേവനങ്ങൾക്കും സാമൂഹ്യ ആവശ്യങ്ങൾക്കും ഉപയോഗപ്പെടത്തക്കവിധമുള്ള ആധികാരിക രേഖയായി അംഗീകരിക്കുന്നതിന് അനുവദിച്ചുകൊണ്ടും അതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമായതോ ആയ കാര്യങ്ങൾക്കുവേണ്ടി വ്യവസ്ഥ ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിയേഴാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2026-ലെ കേരള നേറ്റിവിറ്റി കാർഡ് ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് സർക്കാർ, ഗസറ്റ് വിജ്ഞാപനം വഴി, നിശ്ചയിക്കാവുന്ന അപ്രകാരമുള്ള തീയതിയിൽ പ്രാബല്യത്തിൽ വരുന്നതാണ്.

2. <u>നിർവ്വചനങ്ങൾ.</u>—ഈ ആക്റ്റിൽ സന്ദർഭം മറ്റു വിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

(എ) "കളക്ടർ" എന്നാൽ അതത് പ്രദേശത്തിൻമേൽ അധികാരിതയുള്ള ജില്ലാ കളക്ടർ എന്നർത്ഥമാകുന്നു;

(ബി) "സർക്കാർ" എന്നാൽ കേരള സർക്കാർ എന്നർത്ഥമാകുന്നു;

(സി) "നേറ്റീവ്" എന്നാൽ കേരളത്തിൽ ജനിച്ച് വിദേശ പൗരത്വം സ്വീകരിക്കാത്തവരോ തങ്ങളുടെ <u>മാതാപിതാക്കളോ പൂർവ്വികരിൽ ഒരാളോ</u> കേരളത്തിൽ ജനിച്ചവരും വിദേശ പൗരത്വം സ്വീകരിക്കാത്തവരും ആയവർ എന്നർത്ഥമാകുന്നു.

<u>വിശദീകരണം.</u>—1. വിദേശ പൗരത്വം സ്വീകരിച്ചവർക്ക് നേറ്റിവിറ്റി കാർഡിന് അർഹതയുണ്ടായിരിക്കുന്നതല്ല.

2. നേറ്റിവിറ്റി കാർഡ് ലഭിച്ചതിനു ശേഷം വിദേശ പൗരത്വം സ്വീകരിക്കുന്നപക്ഷം നേറ്റിവിറ്റി കാർഡ് അസാധുവാകുന്നതാണ്.

3. തൊഴിൽ സംബന്ധമായോ ജീവനോപാധി സംബന്ധമായോ മറ്റു കാരണങ്ങളാലോ മാതാപിതാക്കളോ പൂർവ്വികരോ കേരളത്തിനു പുറത്തായിരിക്കുമ്പോൾ അവിടെ ജനിച്ച് വിദേശ പൗരത്വം ലഭിച്ചിട്ടില്ലാത്തവരെ നേറ്റീവ് ആയി കണക്കാക്കപ്പെടുന്നതാണ്;

<u>കുറിപ്പ്</u>:—

ഈ ആക്റ്റിന്റെ ആവശ്യത്തിലേയ്ക്കായി "പൂർവ്വികർ" എന്നാൽ നേറ്റിവിറ്റി കാർഡിന് അപേക്ഷിക്കുന്ന ആളിന്റെ മാതാപിതാക്കളുടെ മാതാപിതാക്കൾ എന്ന് അർത്ഥമാകുന്നു.

(ഡി) "നേറ്റിവിറ്റി കാർഡ്" എന്നാൽ ഈ ആക്റ്റ് പ്രകാരം നേറ്റീവ് ആണെന്ന് തെളിയിക്കുന്നതിനുള്ള രേഖ എന്നർത്ഥമാകുന്നു ;

(ഇ) "ആൾ" എന്നാൽ ഈ ആക്റ്റ് പ്രകാരം നേറ്റിവിറ്റി കാർഡിന് അപേക്ഷ സമർപ്പിക്കുന്ന ആൾ എന്നർത്ഥമാകുന്നു;

(എഫ്) "നിർണ്ണയിക്കപ്പെട്ട" എന്നാൽ ഈ ആക്റ്റിനു കീഴിൽ ഉണ്ടാക്കിയ ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെട്ട എന്നർത്ഥമാകുന്നു;

(ജി) "റവന്യൂ ഡിവിഷണൽ ഓഫീസർ" എന്നാൽ അതത് പ്രദേശത്തിൻമേൽ അധികാരിതയുള്ള റവന്യൂ ഡിവിഷണൽ ഓഫീസർ എന്നർത്ഥമാകുന്നു;

(എച്ച്) "തഹസിൽദാർ" എന്നാൽ അതത് പ്രദേശത്തിൻമേൽ അധികാരിതയുള്ള തഹസിൽദാർ എന്നർത്ഥമാകുന്നു;

(ഐ) "വില്ലേജ് ഓഫീസർ" എന്നാൽ അതത് പ്രദേശത്തിൻമേൽ അധികാരിതയുള്ള വില്ലേജ് ഓഫീസർ എന്നർത്ഥമാകുന്നു.

3. <u>നേറ്റിവിറ്റി കാർഡ് നൽകൽ.</u>—(1) ഈ ആക്റ്റിൻ കീഴിൽ ഒരു നേറ്റിവിറ്റി കാർഡ് ആവശ്യമുള്ള ഏതൊരാളും നിർണ്ണയിക്കപ്പെട്ട രീതിയിൽ ബന്ധപ്പെട്ട അധികാരസ്ഥാനം മുമ്പാകെ നിർണ്ണയിക്കപ്പെട്ട ഫാറത്തിൽ നിർണ്ണയിക്കപ്പെട്ട രേഖകളും ഫീസും സഹിതം അപേക്ഷ സമർപ്പിക്കേണ്ടതാണ്.

(2) നേറ്റിവിറ്റി കാർഡ് നൽകുന്നതിനുള്ള അധികാരസ്ഥാനം തഹസിൽദാർ ആയിരിക്കുന്നതും ആയത് നൽകുന്നതിനുള്ള യൂണിറ്റ് വില്ലേജ് ആയിരിക്കുന്നതുമാണ്.

(3) (1)-ാം ഉപവകുപ്പ് പ്രകാരം ലഭ്യമായ അപേക്ഷ നിർണ്ണയിക്കപ്പെട്ട പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് നിശ്ചിത സമയത്തിനുള്ളിൽ ബന്ധപ്പെട്ട അധികാരസ്ഥാനം തീർപ്പു കല്പിക്കേണ്ടതാണ്.

(4) (3)-ാം ഉപവകുപ്പു പ്രകാരം നേറ്റിവിറ്റി കാർഡ് നൽകാൻ തീരുമാനിക്കുന്നപക്ഷം ആയത് നിർണ്ണയിക്കപ്പെടാവുന്ന രീതിയിലും മാതൃകയിലും ലഭ്യമാക്കേണ്ടതാണ്.

4. <u>ഡ്യൂപ്ലിക്കേറ്റ് നേറ്റിവിറ്റി കാർഡ് നൽകൽ.</u>—3-ാം വകുപ്പ് പ്രകാരം നൽകപ്പെട്ട ഒരു നേറ്റിവിറ്റി കാർഡ് തിരിച്ചുകിട്ടാനാവാത്തവിധം നഷ്ടമാകുകയോ, നശിച്ചുപോകുകയോ, കേട് വരുകയോ, വിരൂപമായിരിക്കുകയോ, ഉപയോഗയോഗ്യമല്ലാതായി തീരുകയോ ചെയ്യുന്നപക്ഷം അപ്രകാരമൊരു കാർഡ് ലഭിച്ചിട്ടുള്ള ആളിന്റെ രേഖാമൂലമുള്ള അപേക്ഷയിന്മേൽ ബന്ധപ്പെട്ട തഹസിൽദാർ, ആവശ്യമായ അന്വേഷണങ്ങൾ നടത്തിക്കൊണ്ടോ അല്ലെങ്കിൽ നടത്തിച്ചുകൊണ്ടോ നിർണ്ണയിക്കപ്പെടാവുന്ന നിബന്ധനകൾക്ക് വിധേയമായും നിശ്ചിത ഫീസ് ഈടാക്കിക്കൊണ്ടും ഒരു ഡ്യൂപ്ലിക്കേറ്റ് നേറ്റിവിറ്റി കാർഡ് അപേക്ഷകന് നൽകാവുന്നതാണ്.

5. <u>മറ്റ് വിവരങ്ങൾ കൂടി ചേർക്കേണ്ടതാണെന്ന്.</u>—നിലവിലുള്ള വിവരങ്ങൾക്ക് പുറമെ സർക്കാർ കാലാകാലങ്ങളിൽ നിർദ്ദേശിക്കുന്ന അത്തരം വിവരങ്ങൾ കൂടി നേറ്റിവിറ്റി കാർഡിൽ ഉൾപ്പെടുത്താവുന്നതാണ്.

6. <u>നേറ്റിവിറ്റി കാർഡിലെ ഉൾക്കുറിപ്പുകളുടെ മാറ്റം വരുത്തൽ.</u>—(1) ഏതെങ്കിലും ആളിന്റെ നേറ്റിവിറ്റി കാർഡിലെ ഉൾക്കുറിപ്പ് സംബന്ധിച്ച് എന്തെങ്കിലും മാറ്റം ആവശ്യമാണെന്ന് അത് ലഭിച്ച ആൾ കരുതുന്നപക്ഷം അയാൾ നേറ്റിവിറ്റി കാർഡിലെ ബന്ധപ്പെട്ട ഉൾക്കുറിപ്പുകളിൽ മാറ്റം വരുത്തുവാൻ വേണ്ടി നിർണ്ണയിക്കപ്പെടാവുന്ന ഫാറത്തിൽ നിർണ്ണയിക്കപ്പെടാവുന്ന ഫീസും ഒടുക്കിക്കൊണ്ട് ആവശ്യമായ രേഖകൾ സഹിതം തഹസിൽദാർക്ക് അപേക്ഷ സമർപ്പിക്കേണ്ടതാണ്.

(2) (1)-ാം ഉപവകുപ്പ് പ്രകാരമുള്ള അപേക്ഷയിൻമേൽ ഒരു ഉത്തരവ് പുറപ്പെടുവിക്കുന്നതിനുമുമ്പ്, നിർണ്ണയിക്കപ്പെട്ട പ്രകാരമുള്ള നടപടിക്രമം തഹസിൽദാർ പാലിച്ചിരിക്കേണ്ടതും ബന്ധപ്പെട്ട ആളുകൾക്ക് പറയാനുള്ളത് പറയുവാൻ ന്യായമായ ഒരവസരം നൽകേണ്ടതുമാണ്. അപേക്ഷിച്ച പ്രകാരമുള്ള മാറ്റം വരുത്തൽ ആവശ്യമാണെന്ന് തഹസിൽദാർക്ക് ബോധ്യപ്പെടുന്നപക്ഷം, അപ്രകാരമൊരു ഉത്തരവ് അദ്ദേഹം പുറപ്പെടുവിക്കേണ്ടതും നേറ്റിവിറ്റി കാർഡിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി നൽകേണ്ടതുമാണ്.

(3) അപേക്ഷകൻ ആവശ്യപ്പെട്ട പ്രകാരമുള്ള മാറ്റങ്ങൾ വരുത്തേണ്ടതില്ലെന്ന് തഹസിൽദാർക്ക് ബോധ്യപ്പെടുന്നപക്ഷം, കാരണങ്ങൾ രേഖപ്പെടുത്തിയശേഷം, അപേക്ഷ നിരസിക്കാവുന്നതാണ്.

(4) (2)-ഉം (3)-ഉം ഉപവകുപ്പുകൾ പ്രകാരമുള്ള നടപടികൾ നിർണ്ണയിക്കപ്പെടാവുന്ന രീതിയിലും കാലയളവിനുള്ളിലും തീർപ്പാക്കേണ്ടതും ആയത് ബന്ധപ്പെട്ട കക്ഷികളെ രേഖാമൂലം അറിയിക്കേണ്ടതുമാണ്.

7. <u>വിവരം നൽകേണ്ട വ്യക്തികൾ.</u>—(1) ഈ ആക്റ്റിൻ കീഴിൽ നേറ്റിവിറ്റി കാർഡിൽ ഏതൊരാളിന്റെ വിവരങ്ങളാണോ ചേർക്കേണ്ടത് ആ ആൾ, നേറ്റിവിറ്റി കാർഡിലുള്ള ഉൾക്കുറിപ്പുകൾ തയ്യാറാക്കുന്നതിനോ അല്ലെങ്കിൽ മാറ്റം വരുത്തുന്നതിനോ വേണ്ടി തഹസിൽദാർ ആവശ്യപ്പെട്ടാൽ, അപ്രകാരമുള്ള നോട്ടീസിൽ അദ്ദേഹം പറഞ്ഞിട്ടുള്ള സമയത്തിനുള്ളിലോ അല്ലെങ്കിൽ അദ്ദേഹം നീട്ടിക്കൊടുക്കുന്ന സമയത്തിനുള്ളിലോ പരിശോധനയ്ക്കായി പ്രസക്ത വിവരങ്ങളും രേഖകളും നൽകാനോ ഹാജരാക്കുവാനോ ബാധ്യസ്ഥനായിരിക്കുന്നതും അങ്ങനെ നൽകുകയോ ഹാജരാക്കുകയോ ചെയ്യുന്ന എല്ലാ വിവരങ്ങളും അയാളുടെ അറിവിലോ കൈവശത്തിലോ അധികാരത്തിലോ ഉള്ളതായിരിക്കേണ്ടതുമാണ്.

(2) (1)-ാം ഉപവകുപ്പ പ്രകാരം ആവശ്യപ്പെടുന്നതനുസരിച്ച് ഏതെങ്കിലും വിവരം നൽകുകയോ, രേഖ ഹാജരാക്കുകയോ ചെയ്യുന്നിടത്ത് തഹസിൽദാരോ അദ്ദേഹം ഇതിലേക്കായി അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ അത് നൽകുകയോ

ഹാജരാക്കുകയോ ചെയ്യുന്നയാൾക്ക് ഒരു കൈപ്പറ്റ് രസീത് നൽകേണ്ടതും, അത്തരത്തിലുള്ള രേഖയിൽ, അത് ഹാജരാക്കിയ വിവരവും ഹാജരാക്കിയ തീയതിയും കാണിച്ചുകൊണ്ട് ഒരു കുറിപ്പെഴുതി ഒപ്പിടേണ്ടതുമാണ്.

8. നേറ്റിവിറ്റി കാർഡുകളുടെ രജിസ്റ്റർ.—(1) ഈ ആക്റ്റ് പ്രാബല്യത്തിൽ വന്നശേഷം തഹസിൽദാർ ഈ ആക്റ്റിൻ കീഴിൽ നൽകപ്പെട്ട നേറ്റിവിറ്റി കാർഡുകൾ സംബന്ധിച്ച ഒരു രജിസ്റ്റർ താലൂക്ക് ഓഫീസിൽ സൂക്ഷിക്കേണ്ടതാണ്.

(2) അപ്രകാരമുള്ള ഓരോ രജിസ്റ്ററിലും താഴെപ്പറയുന്ന വിവരങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്, അതായത്:—

(എ) ആളിന്റെ പേര്, സ്ഥിരമായ മേൽവിലാസം, മാതാപിതാക്കളുടെ/ പൂർവ്വികരുടെ പേരും മേൽവിലാസവും, നേറ്റിവിറ്റി കാർഡ് നമ്പർ;

(ബി) നിർണ്ണയിക്കപ്പെടാവുന്ന മറ്റേതെങ്കിലും വിവരങ്ങൾ.

(3) ഇത് ഒരു സ്ഥിരം രജിസ്റ്റർ ആയിരിക്കുന്നതും അത്തരം രജിസ്റ്ററിലെ ഉൾക്കുറിപ്പുകളിൽ മാറ്റം വരുത്തുന്നത് ഈ ആക്റ്റിലെയോ അതിൻ കീഴിൽ ഉണ്ടാക്കിയ ചട്ടങ്ങളിലെയോ വ്യവസ്ഥകൾക്ക് അനുസൃതമായിരിക്കേണ്ടതുമാണ്.

9. അപ്പീൽ.—ഈ ആക്റ്റിൻ കീഴിൽ തഹസിൽദാർ പുറപ്പെടുവിച്ച ഒരു ഉത്തരവുമൂലമോ 3-ാം വകുപ്പ് (3)-ാം ഉപവകുപ്പ് പ്രകാരം അപേക്ഷ നിരസിക്കുന്ന സംഗതിയിലോ സങ്കടമനുഭവിക്കുന്ന ഏതൊരാൾക്കും നിർണ്ണയിക്കപ്പെടാവുന്ന രീതിയിലും അങ്ങനെയുള്ള കാലയളവിനുള്ളിലും, ബന്ധപ്പെട്ട റവന്യൂ ഡിവിഷണൽ ഓഫീസർ മുമ്പാകെ അപ്പീൽ ബോധിപ്പിക്കാവുന്നതാണ്:

എന്നാൽ, യഥാസമയം അപ്പീൽ ഫയൽ ചെയ്യാതിരുന്നതിന് അപ്പീൽവാദിക്ക് മതിയായ കാരണമുണ്ടായിരുന്നുവെന്ന് അപ്പീൽ അധികാരിക്ക് ബോധ്യപ്പെടുന്നപക്ഷം അദ്ദേഹത്തിന്, അപ്രകാരമുള്ള സമയം അവസാനിച്ചതിനുശേഷമുള്ള അപ്പീലും സ്വീകരിക്കാവുന്നതാണ്.

10. റിവിഷൻ.—[***] കളക്ടർക്ക് കക്ഷിയുടെ അപേക്ഷ പ്രകാരം, റവന്യൂ ഡിവിഷണൽ ഓഫീസർ 9-ാം വകുപ്പ് പ്രകാരം കൈക്കൊണ്ടിട്ടുള്ള ഒരു തീരുമാനമോ പാസാക്കിയിട്ടുള്ള ഉത്തരവോ പുനഃപരിശോധിക്കാവുന്നതും ആയത് റദ്ദ് ചെയ്യുകയോ മാറ്റം വരുത്തുകയോ ചെയ്യാവുന്നതുമാണ്:

എന്നാൽ, ആ തീരുമാനമോ ഉത്തരവോ മൂലം സങ്കടമനുഭവിക്കുന്ന ആൾക്ക് പറയാനുള്ളത് പറയുവാൻ ന്യായമായ ഒരു അവസരം നൽകാതെ അങ്ങനെയുള്ള ഏതൊരു തീരുമാനമോ ഉത്തരവോ പുനഃപരിശോധിക്കുകയോ പുതുക്കുകയോ റദ്ദ് ചെയ്യുകയോ മാറ്റം വരുത്തുകയോ ചെയ്യാൻ പാടുള്ളതല്ല.

11. ശിക്ഷ.—ഈ ആക്ട് പ്രകാരം ഏതെങ്കിലും വിവരം നൽകേണ്ടതായിട്ടുള്ള ആൾ അങ്ങനെയുള്ള വിവരം കളവാണെന്ന് അയാൾ അറിയുന്നതോ അല്ലെങ്കിൽ കളവാണെന്ന് വിശ്വസിക്കാൻ കാരണമുള്ളതോ ആയ ഏതെങ്കിലും വിവരം നൽകുകയാണെങ്കിൽ, അയാളെ മൂന്നുമാസം വരെ ആകാവുന്ന തടവുശിക്ഷയോ അല്ലെങ്കിൽ അയ്യായിരം രൂപ വരെ ആകാവുന്ന പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടും കൂടിയോ നൽകി ശിക്ഷിക്കേണ്ടതാണ്.

12. കുറ്റങ്ങൾ വിചാരണയ്ക്കെടുക്കൽ.—സർക്കാർ ഇതിലേക്കായി അധികാരപ്പെടുത്തിയ ഒരു ഉദ്യോഗസ്ഥൻ രേഖാമൂലം സമർപ്പിച്ച ഒരു പരാതിയിന്മേലല്ലാതെ ഈ ആക്ടിൻ കീഴിൽ ശിക്ഷിക്കപ്പെടേണ്ട ഏതെങ്കിലും കുറ്റം യാതൊരു കോടതിയും വിചാരണയ്ക്കെടുക്കാൻ പാടുള്ളതല്ല.

13. ഉത്തമവിശ്വാസത്തിൽ ചെയ്ത പ്രവൃത്തികൾക്കുള്ള സംരക്ഷണം.—ഈ ആക്ട് പ്രകാരമുള്ള വ്യവസ്ഥകൾക്ക് അനുസൃതമായി ഉത്തമവിശ്വാസത്തിൽ ചെയ്തതോ ചെയ്യുവാൻ ഉദ്ദേശിച്ചതോ ആയ ഏതൊരു കാര്യവും സംബന്ധിച്ച് ഏതെങ്കിലും ഉദ്യോഗസ്ഥനോ അധികാരസ്ഥാനത്തിനോ എതിരെ സർക്കാരിന്റെ മുൻകൂർ അനുവാദമില്ലാതെ യാതൊരു വ്യവഹാരമോ പ്രോസിക്യൂഷനോ മറ്റ് നിയമനടപടികളോ നിലനിൽക്കുന്നതല്ല.

14. സർക്കാരിനുള്ള അധികാരം.—(1) സർക്കാർ വകുപ്പുകൾക്ക് വിവിധ ആവശ്യങ്ങൾക്കായി ഏതെല്ലാം സാഹചര്യങ്ങളിൽ മറ്റ് രേഖകളോടൊപ്പം ഒരു ആധികാരിക രേഖയായി നേറ്റിവിറ്റി കാർഡ് ഉപയോഗിക്കാവുന്നതാണെന്ന് സർക്കാരിന് വിജ്ഞാപനപ്രകാരം നിർദ്ദേശിക്കാവുന്നതാണ്.

(2) (1)- ാം ഉപവകുപ്പിൻ കീഴിൽ ഒരു വിജ്ഞാപനം പുറപ്പെടുവിച്ചാൽ ബന്ധപ്പെട്ട സർക്കാർ വകുപ്പിന്റെയോ, ബന്ധപ്പെട്ട തദ്ദേശ സ്ഥാപനങ്ങളുടെയോ ഉദ്യോഗസ്ഥർ അങ്ങനെയുള്ള വിജ്ഞാപനത്തിൽ പറഞ്ഞിട്ടുള്ള വിവിധ സർട്ടിഫിക്കറ്റുകളോടൊപ്പം നേറ്റിവിറ്റി കാർഡിലെ ഉൾക്കുറിപ്പുകളെ ഒരു ആധികാരിക രേഖയായി സ്വീകരിക്കേണ്ടതാണ്.

15. വൈഷമ്യങ്ങൾ നീക്കം ചെയ്യുന്നതിനുള്ള അധികാരം.—(1) ഈ ആക്ടിലെ ഏതെങ്കിലും വ്യവസ്ഥകൾക്ക് പ്രാബല്യം നൽകുന്നതിൽ എന്തെങ്കിലും വൈഷമ്യം ഉണ്ടാകുന്നപക്ഷം സർക്കാരിന്, ആക്ടിലെ വ്യവസ്ഥകൾക്ക് ഭംഗം വരാത്ത വിധത്തിൽ ഉത്തരവ് വഴി, അത്തരം വൈഷമ്യം നീക്കം ചെയ്യാവുന്നതാണ്:

എന്നാൽ, ഈ ആക്റ്റ് പ്രാബല്യത്തിൽ വന്ന് രണ്ടുവർഷത്തിനു ശേഷം അപ്രകാരമുള്ള യാതൊരു ഉത്തരവും പുറപ്പെടുവിക്കാൻ പാടുള്ളതല്ല.

(2) (1)-ാം ഉപവകുപ്പിൻകീഴിൽ പുറപ്പെടുവിച്ച ഉത്തരവുകൾ അങ്ങനെയുള്ള ഉത്തരവുകൾ പുറപ്പെടുവിച്ച ശേഷം കഴിയുന്നത്ര വേഗം സർക്കാർ, നിയമസഭ മുമ്പാകെ വയ്ക്കേണ്ടതാണ്.

16. ചട്ടങ്ങൾ ഉണ്ടാക്കാനുള്ള അധികാരം.—(1) സർക്കാരിന്, ഗസറ്റ് വിജ്ഞാപനം വഴി, ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനായി മുൻകാല പ്രാബല്യത്തോടെയോ പിൽകാല പ്രാബല്യത്തോടെയോ ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) ഈ ആക്റ്റ് പ്രകാരം ഉണ്ടാക്കുന്ന ഏതൊരു ചട്ടവും അത് ഉണ്ടാക്കിയ ശേഷം കഴിയുന്നത്രവേഗം നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോൾ സഭ മുമ്പാകെ, ഒരു സമ്മേളനത്തിലോ തുടർച്ചയായ രണ്ടു സമ്മേളനങ്ങളിലോ വരാവുന്ന ആകെ പതിനാലുദിവസക്കാലത്തേക്ക് വയ്ക്കേണ്ടതും അപ്രകാരം അത് ഏത് സമ്മേളനത്തിൽ വയ്ക്കുന്നുവോ ആ സമ്മേളനമോ തൊട്ടടുത്തുവരുന്ന സമ്മേളനമോ അവസാനിക്കുന്നതിനുമുമ്പ് നിയമസഭ പ്രസ്തുത ചട്ടത്തിൽ ഏതെങ്കിലും രൂപഭേദപ്പെടുത്തലുകൾ വരുത്തുകയോ, അല്ലെങ്കിൽ ആ ചട്ടം ഉണ്ടാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്നപക്ഷം ആ ചട്ടത്തിന് അതിനുശേഷം, അതത് സംഗതിപോലെ, അപ്രകാരം രൂപഭേദപ്പെടുത്തൽ വരുത്തിയ പ്രകാരം മാത്രം പ്രാബല്യമുണ്ടായിരിക്കുകയോ അല്ലെങ്കിൽ യാതൊരു പ്രാബല്യവുമില്ലാതായിരിക്കുകയോ ചെയ്യുന്നതുമാകുന്നു; എന്നിരുന്നാലും, അങ്ങനെയുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ റദ്ദാക്കലോ ആ ചട്ടപ്രകാരം മുമ്പ് ചെയ്തിട്ടുള്ള ഏതെങ്കിലും സംഗതിയുടെ സാധുതയ്ക്ക് ഭംഗം വരാത്ത വിധത്തിലായിരിക്കേണ്ടതാണ്.

കേരള നിയമസഭാ സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം,
2026 ഫെബ്രുവരി 23.

**ഷാജി സി. ബേബി,**
*സെക്രട്ടറി-ഇൻ-ചാർജ്.*